## പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 132 | 02.03.2020-ൽ മറുപടി നൽകേണ്ടിയിരുന്നത്

### ദുരൂഹസാഹചര്യങ്ങളിലെ മരണങ്ങൾ

**ചോദ്യം**

ശ്രീ.കെ.ജെ. മാക്സി

(എ) സംസ്ഥാനത്ത് ഒൻപതു വർഷത്തിനിടെ ഒരു വീട്ടിലെ ആറുകുട്ടികൾ മരിച്ച സംഭവമടക്കം ദുരൂഹസാഹചര്യങ്ങളിൽ കുട്ടികളുൾപ്പെടെയുള്ളവർ മരണപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടുവോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ സംസ്ഥാനത്ത് ഇത്തരത്തിലുണ്ടായ മരണങ്ങൾ കണ്ടെത്തുവാനും ആയത് വീണ്ടുമുണ്ടാകുന്നത് തടയുവാനുമായി ഈ സർക്കാർ സ്വീകരിച്ചു വരുന്ന പ്രധാന പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ?

**ഉത്തരം**

പിണറായി വിജയൻ
(മുഖ്യമന്ത്രി)

(എ) യും (ബി) യും ഉണ്ട്. മലപ്പുറം ജില്ലയിൽ തിരൂരിലെ അബൂബക്കർ മകൻ മുഹമ്മദ് റഫീഖ്-സബ്ന ദമ്പതികളുടെ 6 മക്കളിൽ (4 പെൺകുട്ടികൾ, 2 ആൺകുട്ടികൾ) അഞ്ചു പേരും ജനിച്ച് ഒരു വർഷം തികയുന്നതിനു മുമ്പ് തന്നെ പെട്ടെന്ന് ഒരു അസുഖവുമില്ലാതെ മരണപ്പെടുകയാണ് ഉണ്ടായതെന്നും, നാലാമത്തെ കുട്ടി നാലര വയസ്സുള്ളപ്പോൾ (പെൺകുട്ടി) ഒരു അസുഖവുമില്ലാതെ മരണപ്പെടുകയാണ് ഉണ്ടായതെന്നും, കുട്ടികളുടെ മരണകാരണം എന്താണെന്ന് ഇതുവരെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലാത്തതും, 18.02.2020 തീയ്യതി മരണപ്പെട്ട (93 ദിവസം പ്രായമായ ആൺ) കുട്ടിയുടേത് ഒഴികെ മറ്റു കുട്ടികൾ മരണപ്പെട്ട കാര്യം പോലീസിൽ അറിയിക്കുകയോ, ഇൻക്വസ്റ്റോ, മറ്റു നടപടികളോ ചെയ്തിട്ടില്ലാത്തതാണെന്നും വ്യക്തമായിട്ടുള്ളതാണ്. ഇതുമായി ബന്ധപ്പെട്ട് തിരൂർ പോലീസ് ക്രൈം 147/2020 U/s 174 CrPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. ഇപ്പോൾ മരണപ്പെട്ട കുട്ടിയുടെ ആന്തരീകാവയവങ്ങൾ പരിശോധിച്ചതിന്റെ പരിശോധനാ ഫലം ലഭ്യമാക്കേണ്ടതുണ്ട്. ആയത് ലഭിച്ചാൽ മാത്രമേ ഇക്കാര്യത്തിൽ നിജസ്ഥിതി വ്യക്തമാകുകയുള്ളൂ.

മറ്റു ജില്ലകളിലെ സമാനമായ കേസുകളിന്മേലുള്ള അന്വേഷണം കാര്യക്ഷമമായി നടന്നുവരുന്നു. ജനമൈത്രീ പോലീസ് സംവിധാന ത്തിലൂടെയും സോഷ്യൽ മീഡിയ വഴിയും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടത്തി വരുന്ന ബോധവത്കരണ ക്ലാസുകൾ മുഖേനയും ബാലാവകാശ നിയമങ്ങളെപ്പറ്റിയും കുട്ടികൾക്കെതിരായ അതിക്രമങ്ങൾ തടയുന്നതിനെപ്പറ്റിയും ജില്ലാ പോലീസ് ബോധവൽക്കരണ ക്ലാസുകൾ നടത്തി വരുന്നു.

സെക്ഷൻ ഓഫീസർ